**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2227** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യങ്ങൾ മുടങ്ങാതെ വിതരണം ചെയ്യുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രത നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം റേഷൻ കാർഡുകളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിനു മുമ്പും ശേഷവുമുള്ള റേഷൻകാർഡുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധ**മായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി അനുവദിച്ചിട്ടുള്ള റേഷൻ കാർഡുകൾ പ്രകാരം റേഷൻ വിതരണം ചെയ്യുന്നതിന് ഭക്ഷ്യധാന്യങ്ങൾ പര്യാപ്തമായ അളവിൽ ലഭ്യമാകുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിനു മുമ്പ് അധിക വിഹിതമുൾപ്പെടെ ശരാശരി 16 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം പ്രതിവർഷം ലഭ്യമായിരുന്നെങ്കിലും നിലവിൽ 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം മാത്രമാണ് ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ളത്. മുൻഗണനാ (എ.എ.വൈ, പി.എച്ച്.എച്ച്) വിഭാഗത്തിനു മാത്രമായി അനുവദിക്കപ്പെട്ടിട്ടുള്ള പ്രസ്തുത വിഹിതത്തിൽ, നിലവിലെ വിതരണത്തോത് അനുസരിച്ച് 10.25 ലക്ഷം മെ.ടൺ ധാന്യം ടി വിഭാഗത്തിന് വേണ്ടി വരുന്നതാണ്. ബാക്കിയുള്ള ടൈഡ് ഓവർ വിഹിതമായ 4 ലക്ഷത്തോളം മെ.ടൺ ഭക്ഷ്യധാന്യമുപ യോഗിച്ചാണ് മുൻഗണനേതര വിഭാഗത്തിന് നൽകി വരുന്നത്. നിലവിലുള്ള ടൈഡ് ഓവർ വിഹിതം മുൻഗണനേതര വിഭാഗത്തിന് പര്യാപ്തമല്ല. |
| (സി) | സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് ഭക്ഷ്യധാന്യങ്ങൾ മുടങ്ങാതെ വിതരണം ചെയ്യുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. സമയബന്ധിതമായി അലോട്ട്മെന്റ് നൽകി, ഭക്ഷ്യധാന്യങ്ങളുടെ വില മുൻകൂറായി എഫ്.സി.ഐയിലൊടുക്കി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യേണ്ട മാസത്തിനു മുൻപ് തന്നെ വിട്ടെടുപ്പ് പൂർത്തിയാക്കുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ ഇപ്രകാരം വിട്ടെടുപ്പ് നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാകാതെ വന്നാൽ എഫ്.സി.ഐയിൽ നിന്നും കേന്ദ്രസർക്കാരിൽ നിന്നും സമയപരിധി ദീർഘിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും വിട്ടെടുപ്പ് |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട്. റേഷൻ വിതരണം ഇ-പോസ് മുഖേനയായതിനാൽ സാങ്കേതികമായി എന്തെങ്കിലും തടസ്സമുണ്ടാകുന്ന പക്ഷം ആയത് സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി നിലവിൽ എല്ലാ ജില്ലകളിലും സമയക്രമീകരണം നടത്തി റേഷൻ വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിനു മുൻപ് | | ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയതിനു ശേഷം | |
|---|---|---|---|
| വിഭാഗം | എണ്ണം | വിഭാഗം | എണ്ണം |
| എ.എ.വൈ | 582365 | എ.എ.വൈ | 588277 |
| ബി.പി.എൽ | 1478944 | പി.എച്ച്.എച്ച് | 3508557 |
| എ.പി.എൽ സ്റ്റേറ്റ് സബ്സിഡി | 4136201 | മുൻഗണനേതര സബ്സിഡി | 2330700 |
| എ.പി.എൽ നോൺ സബ്സിഡി | 2125258 | മുൻഗണനേതര നോൺ സബ്സിഡി | 2879619 |
| | | മുൻഗണനേതര ഇൻസ്റ്റിറ്റ്യൂഷൻ | 27712 |
| ആകെ | **8322768** | | **9334865** |
| അധികമായുള്ള കാർഡുകൾ **1012097 എണ്ണം** | | | |

**സെക്ഷൻ ഓഫീസർ**